## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം-ഡോ.നിജാസ് അഹമ്മദ്, ജൂനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം:- 1)Lr.No.A5/6458/2024, DMO(H)Kannur, dtd:01/11/2024

2)കാരണം കാണിക്കൽ നോട്ടീസ് നം.ഇബി 2-419/2025, ആവഡ, തിയതി :23/02/2025

**ഉത്തരവ് നം. (കെ.ഡിസ്)ഇ.ബി2-419/2025/ആ.വ.ഡ തീയതി : 02-06-2025**

തലശ്ശേരി ജനറലാശുപത്രിയിലെ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.നിജാസ് അഹമ്മദ് 14/08/2019 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്നതായി പരാമർശം 1 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് പരാമർശം 2 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഡോ.നിജാസ് അഹമ്മദ് കാരണം കാണിക്കൽ നോട്ടീസിന് വിശദീകരണം നാളിതുവരെ സമർപ്പിച്ചിട്ടില്ല.

2. മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആൻഡ്

സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് II ചട്ടം 19(a)(ii) പ്രകാരം പ്രൊബേഷണറായ ഡോ.നിജാസ് അഹമ്മദിന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

3. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 02-06-2025 20:35:43
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: **Dr.Nijas Ahammed**

**Ashiyana Adichira**

**Thellakom.P.O, Kottayam**

പകർപ്പ് : 1)അക്കൗണ്ടന്റ് ജനറൽ(എ&ഇ)തിരുവനന്തപുരം

2)ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)കണ്ണൂർ

3)ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

4) ഫയൽ/കരുതൽ ഫയൽ